പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റപ്പണികൾ

288. [461] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്ന നിലയിൽ നടത്തിവരുന്ന വർക്കുകളിൽ അഴിമതികളും, വെട്ടിപ്പും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വാഗമൺ കേന്ദ്രമായി ഒരു പഞ്ചായത്ത്

289. [462] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ വാഗമൺ കേന്ദ്രമായി ഒരു പഞ്ചായത്തു രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പഞ്ചായത്തു രൂപീകരിക്കുന്നതിനടിയന്തിര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി, സി) പുതിയ പഞ്ചായത്തുകൾ തൽക്കാലം രൂപീകരിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

പേരാമ്പ്ര പഞ്ചായത്ത് മാർക്കറ്റ്

290. [463] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര പഞ്ചായത്ത് മാർക്കറ്റിനു വേണ്ടി ആരംഭിച്ച അക്വിസിഷൻ നടപടി ഗവൺമെന്റ് സ്റ്റേ ചെയ്തത് റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) പൊന്നുംവില നടപടികൾ താല്ക്കാലികമായി സ്റ്റേ ചെയ്ത ശേഷം നിവേദനം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly